Draft #2 of File 98730/ACA5 SO/2021/AC A 5 Approved by ASSISTANT REGISTRAR II (ADMIN) on 09-Nov-2021 04:02 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് , സ്കൂൾ ഓഫ് നാനോസയൻസ് & നാനോടെക്നോളജി എന്നിവിടങ്ങളിൽ ആരംഭിച്ച എം.ടെക് കോഴ്സുകളുടെ പേര് പരിഷ്കരിക്കുന്നത് സംബന്ധിച്ച് - മഹാത്മാ ഗാന്ധി സർവകലാശാലയുടെ ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം ബഹു: വൈസ് ചാൻസിലർ ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം എ 11 സെക്ഷൻ**

നമ്പർ. 6449/AC A 5/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 29.11.2021

---

*പരാമർശം:*-1. 02.02.2021 ലെ വിജ്ഞാപനം നം: 4612/Ac B7-3/2021/VC Section

2 . 15.07.2021 ലെ AICTE യിൽ നിന്നും ലഭിച്ച Letter of Approval (LOA)

3. 22.09.2021 ലെ അക്കാഡമിക് സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കുള്ള കുറിപ്പ് നം. 98730 / എ ഡി എ 11-1/2021/ VC Section

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്, സ്കൂൾ ഓഫ് നാനോസയൻസ് & നാനോടെക്നോളജി എന്നിവിടങ്ങളിൽ യഥാക്രമം M.Tech Energy Science, M.Tech in Nanoscience & Nanotechnology എന്നീ കോഴ്സുകളുടെ പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം പ്രസ്തുത പഠനവകുപ്പുകളിൽ ആരംഭിച്ച എം.ടെക് കോഴ്സുകൾക്ക് AICTE യിൽ നിന്നും അംഗീകാരം ലഭിച്ചിരുന്നെങ്കിലും കോഴ്സുകളുടെ പേര് യഥാക്രമം Energy Science & Technology, Nano Science & Technology എന്നാണ് രേഖപ്പെടുത്തിയിരുന്നത്.

അതിനാൽ ടി കോഴ്സുകളുടെ പേര് AICTE യിൽ നിന്ന് ലഭിച്ച Letter of Approval-ൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം മാറ്റുന്നതിന് പരാമർശം (3) പ്രകാരം അക്കാദമിക് സ്റ്റാൻഡിങ് കമ്മിറ്റിയിലേക്ക് രജിസ്ട്രാർ കുറിപ്പ് നൽകിയിരുന്നു.

ഇത് പരിഗണിച്ച് 29.10.2021 ൽ കൂടിയ അക്കാഡമിക് സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ Energy Science എന്ന M.Tech കോഴ്സിന്റെ പേര് Energy Science & Technology എന്നും Nano Science & Nano Technology എന്ന M.Tech കോഴ്സിന്റെ പേര് Nano Science & Technology എന്നും പരിഷ്കരിക്കുന്നത് സംബന്ധിച്ച ശിപാർശ അംഗീകരിച്ച് മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 സെക്ഷൻ 10(17) പ്രകാരം ബഹു വൈസ് ചാൻസിലർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഓണററി ഡയറക്ടർ, സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ്.
2 ഓണററി ഡയറക്ടർ, സ്കൂൾ ഓഫ് നാനോസയൻസ് & നാനോടെക്നോളജി
3. വൈസ് ചാൻസലറുടെ/ പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാറുടെ/ ഫിനാൻസ് ഓഫീസറുടെ പി എ
5. ഫിനാൻസ് I/ ഓഡിറ്റ് I/ എ സി സി II
6. CMS / KSAD
7. റെക്കോർഡ്സ്

Draft #2 of File